**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 182** **14-09-2023 - ൽ മറുപടിയ്ക്ക്**

**ദീർഘകാല കരാറുകൾ റദ്ദാക്കുന്നതിലൂടെ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്, ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. സജീവ് ജോസഫ്, ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ദീർഘകാല കരാറുകൾ റദ്ദാക്കി കൂടിയവിലയ്ക്ക് വൈദ്യുതി വാങ്ങുന്നതിലൂടെ ശരാശരി 4.29 രൂപയ്ക്ക് ലഭിച്ചിരുന്ന വൈദ്യുതിയുടെ വില 5.12 രൂപ മുതൽ 6.34 രൂപവരെ ഉയർന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വൈദ്യുതി വാങ്ങൽ വില ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടി കെ.എസ്.ഇ.ബി. യ്ക്ക് കടുത്ത സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കും എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഈ നീക്കത്തിൽ നിന്നും പിന്മാറാൻ തയ്യാറാകുമോ; | (ബി) | ഗൗരവമായി കാണുന്നുണ്ട്. 2014-15 കാലയളവിൽ ഒപ്പ് വച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം നൽകണമെന്ന കെ.എസ്.ഇ.ബി.എൽ-ന്റെ ആവശ്യം നിരസി ച്ചുകൊണ്ട് 10.05.2023-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങളും ടെണ്ടർ നടപടി ക്രമങ്ങളും പാലിക്കുന്നതിൽ കെ.എസ്.ഇ.ബി.എൽ വീഴ്ച വരുത്തിയതിനാലാണ് കരാറുകൾ അംഗീ കരിക്കാതിരിക്കുവാനുള്ളകാരണമായി കമ്മീഷൻ ഉത്തരവിൽ പരാമർശിക്കുന്നത്. ദീർഘകാല കരാറുകൾ റദ്ദാക്കിയ റഗുലേറ്ററി കമ്മീഷന്റെ നടപടിക്കെതിരെ കെ.എസ്.ഇ. ബി.എൽ സമർപ്പിച്ച അപ്പീൽ അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി (APTEL) -യുടെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട മറ്റ് തുടർനടപടികൾ നിയമ പരമായി എടുത്ത് വരികയാണ്. |
| (സി) | ഇത്തരത്തിലുണ്ടാകുന്ന അധികച്ചെലവ് സർചാർജ്ജായി ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | ദീർഘകാല കരാർ റദ്ദാക്കിയതു മൂലം വൈദ്യുതി ലഭ്യതയിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതിനായി വാങ്ങുന്ന വൈദ്യുതിയുടെ ചെലവ് സർചാർജ്ജായി ഈടാക്കാൻ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ